പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 341

04.02.2013-ൽ മറുപടിക്ക്.

## അഗ്നിശമന സേനാവിഭാഗങ്ങളുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഗ്നിശമന സേനാവിഭാഗങ്ങളുടെ കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിന് വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഉണ്ട്. അഗ്നിശമന സേനയുടെ പ്രവർത്തനത്തിന് ആവശ്യമായ സേനാംഗങ്ങളുടെ കുറവ് മതിയായ വാഹനങ്ങളുടെയും, ഉപകരണങ്ങളുടെയും ദൗർലഭ്യം, ട്രെയിനിംഗ് നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ട്രെയിനിംഗ് സ്റ്റാഫ്, ഉപകരണങ്ങൾ, ഭരണസംബന്ധമായ ജീവനക്കാർ എന്നിവരുടെ മൊത്തത്തിലുള്ള കുറവ് സേനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതം നിൽക്കുന്നവയാണ്. |
| (ബി) പ്രസ്തുത സേനാവിഭാഗത്തെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സേനാംഗങ്ങളുടെ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ ഫണ്ടും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും, ഡിസാസ്റ്റർ |

മാനേജ്മെന്റ് ഫണ്ടും ഉപയോഗിച്ച് കൂടുതൽ ആധുനിക വാഹനങ്ങളും, ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2013-14 സാമ്പത്തിക വർഷത്തേയ്ക്ക് പ്ലാൻ ഫണ്ടിൽ 22225 ലക്ഷം രൂപയുടെ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അഗ്നിശമന സേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

:(സി) നിലവിൽ എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ